ഉത്തരം

(എ)—(ഇ) ഇടുക്കി ജില്ലയിൽ ലോകബാങ്ക് ധനസഹായത്തോടെ കേരള റൂറൽ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴി വെള്ളത്തൂവൽ, മരിയാപുരം എന്നീ ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ പദ്ധതിയുടെ നിർമ്മാണ ചെലവ് കണക്കാക്കിയിട്ടില്ല. പദ്ധതി ആസൂത്രണ ഘട്ടത്തിലായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. പദ്ധതി 2006 ഡിസംബർ മാസത്തിന് മുമ്പായി കമ്മീഷൻ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇടുക്കി ജില്ലയിൽ കേരള വാട്ടർ അതോറിറ്റി നേരിട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

കൊച്ചി വാണിജ്യ മേഖലയ്ക്ക് ആവശ്യമായ വെള്ളം

63 [3926] *ശ്രീ. ബി. രാജയകുമാർ:*
പ്രൊഫ. കെ. വി. തോമസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എം. ഹസ്സൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി വാണിജ്യമേഖലയ്ക്ക് ഇപ്പോൾ ആവശ്യമായ വെള്ളം എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്രയും ജലം ലഭ്യമാക്കുവാൻ വാട്ടർ അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ടോ;

(സി) ഇപ്പോൾ വാട്ടർ അതോറിറ്റി കൊച്ചിയുടെ ആവശ്യത്തിന് എത്ര വെള്ളം നൽകുന്നു എന്ന് അറിയിക്കുമോ;

(ഡി) സ്വതന്ത്ര വാണിജ്യ മേഖലയും വല്ലാർപാടം പദ്ധതിയും വരുമ്പോൾ കൊച്ചിയ്ക്ക് ആവശ്യമായി വരുന്ന വെള്ളം എത്രയാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) കൊച്ചിയിൽ വെള്ളത്തിനുള്ള പ്രസ്തുത ആവശ്യം നിറവേറ്റുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) 100 എം. എൽ. ഡി. വെള്ളം നൽകുന്നുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്.

(ഇ) നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഇടക്കാല വിപുലീകരണ പദ്ധതി, ചൊവ്വര പദ്ധതി, തൃപ്പൂണിത്തുറ വിപുലീകരണ പദ്ധതി എന്നിവ പൂർത്തീകരിക്കുന്നതിനോടൊപ്പം കൊച്ചി വാട്ടർ സപ്ലൈ സ്കീമിന്റെ വിപുലീകരണത്തിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ള പദ്ധതി കൂടി പൂർത്തീകരിക്കുന്നതോടെ കൊച്ചിയിൽ ആവശ്യമുള്ള ജലം ഒരു പരിധിവരെ വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടനാട് ശുദ്ധജല വിതരണ പദ്ധതി

64 [3927] *ശ്രീ. കെ. സി. ജോസഫ്:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് ശുദ്ധജലവിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത് എന്നും നിലവിൽ ഏതെല്ലാം പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട് എന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിപ്രകാരം എത്ര ലിറ്റർ ശുദ്ധജലവിതരണം നടത്തുന്നുണ്ട് എന്നും ഇതിൽ കുട്ടനാട് താലൂക്കിൽ എത്ര വെള്ളം എത്തുന്നുണ്ട് എന്നും വെളിപ്പെടുത്താമോ;

(ഡി) കുട്ടനാട് താലൂക്കിലേക്ക് എത്തുന്ന വെള്ളത്തിന്റെ അളവ് രേഖപ്പെടുത്തുന്നതിന് നീരേറ്റുപുറത്ത് ഒരു ഫ്ളോ മീറ്റർ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കുട്ടനാട്ടിലേക്ക് എത്തുന്ന വെള്ളം ഉദ്ദേശിച്ചതിലും വളരെ കുറവായതിനാൽ ഇത് പരിഹരിച്ച് കൂടുതൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1972-ൽ.

(ബി) വെളിയനാട്, തലവടി, എടത്വ, തകഴി, മുട്ടാർ, രാമങ്കരി, ചിനാക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, നെടുമുടി, കൈനകരി എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരുന്നത്.

നിലവിൽ വെളിയനാട്, തലവടി, എടത്വ, മുട്ടാർ, രാമങ്കരി, ചിനാക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, നെടുമ്പ്രം, നിരണം, പെരിങ്ങര, കടപ്ര എന്നീ പഞ്ചായത്ത് പ്രദേശങ്ങളിൽ ജലവിതരണം നടത്തുന്നുണ്ട്.

(സി) ഈ പദ്ധതി പ്രകാരം മൊത്തം 16.5 ദശലക്ഷം ലിറ്റർ ശുദ്ധജലം വിതരണം ചെയ്യുന്നുണ്ട്. താലൂക്ക് തിരിച്ചുള്ള ജലവിതരണ കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly